"ഭരണഭാഷ-മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**നമ്പർ.ഭരണം.ബി1/103/2021/ധന.**

**ധനകാര്യ (ഭരണം-ബി) വകുപ്പ്**
തിരുവനന്തപുരം
തീയതി: 12/09/2021

**പരിപത്രം**

വിഷയം: ധനകാര്യ വകുപ്പ് - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് രണ്ടാം ഗ്രേഡ് ബൈൻഡർ ആയി തസ്തിക മാറ്റം വഴി നിയമനം നൽകുന്നത് - സംബന്ധിച്ച്

സൂചന: 03/02/2016-ലെ സ.ഉ(അച്ചടി)നം.8/2016/പൊ.ഭ.വ നമ്പർ ഉത്തരവ്.

സൂചന ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഓഫീസ് അറ്റൻഡന്റ് ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി ധനവകുപ്പിലെ രണ്ടാം ഗ്രേഡ് ബൈൻഡർ ആയി നിയമനം ലഭിക്കുന്നിന് താഴെ പറയുന്ന യോഗ്യതയുള്ള ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. യോഗ്യരായ ജീവനക്കാർ അപേക്ഷയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം 2021 സെപ്റ്റംബർ 24-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി ധനകാര്യ (ഭരണം.ബി) വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

**യോഗ്യതകൾ**

1) 10-ാം ക്ലാസ് വിജയം/സമാനയോഗ്യത
2) ബുക്ക് ബൈൻഡിങ്ങിലുള്ള എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ എം.ജി.റ്റി.ഇ/കെ.ജി.റ്റി.ഇ ബുക്ക് ബൈൻഡിംഗ്(ലോവർ)വിജയം

ടി യോഗ്യതകളില്ലായെങ്കിൽ ബുക്ക് ബൈൻഡിംഗിൽ 18 മാസത്തെ പരിചയമുള്ള ജീവനക്കാരെയും പരിഗണിക്കുന്നതാണ്. ടിയാൾക്കാർ, നിയമനാധികാരി നടത്തുന്ന നൈപുണ്യ പരീക്ഷയിൽ പാടവം തെളിയിക്കേണ്ടതാണ്.

**വിജയശ്രീ.എം.എസ്**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
എല്ലാ ദേശീയ സമ്പാദ്യ പദ്ധതി ഓഫീസുകൾക്കും
നോഡൽ ഓഫീസർ, www.kerala.gov.finance.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി
നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ